**കേരള സർക്കാർ**
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.യു.ഡി.പി - സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കോർപ്പറേഷനുകളിലെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളെ സഹായിച്ചുവരുന്ന കൺസൾട്ടന്റുമാരുടെ കരാർ കാലാവധി അവസാനിപ്പിച്ച് പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളെ ശക്തിപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 113/2013/തസ്വഭവ** **തിരുവനന്തപുരം, തീയതി: 17/01/2013.**

---

**ഉത്തരവ്**

കേരള സർക്കാർ ഏഷ്യൻ വികസന ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന 1422.47 കോടി രൂപയുടെ വികസന പദ്ധതിയാണ് കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ. എസ്. യു. ഡി. പി). നഗര ജീവിത സൗകര്യങ്ങൾ, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ദാരിദ്ര്യ ദുരിതമനുഭവിക്കുന്ന ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക ഉന്നമനം എന്നിവ ഏറെക്കുറെ പരിഹരിക്കുവാനുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിക്ക് കണക്കാക്കിയിരുന്ന തുകയുടെ 70% എ.ഡി.ബി. യും 19% സംസ്ഥാന സർക്കാരും 11% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്. കെ.എസ്.യു.ഡി.പി ക്ക് എ.ഡി.ബി. 221.00 മില്ല്യൻ ഡോളറിന്റെ (995.4 കോടി രൂപ) വായ്പ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ആകെ 100 പാക്കേജുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 149.65 കോടി രൂപയുടെ 31 പാക്കേജുകൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

2. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളെ സഹായിക്കുന്നത് കൺസൾട്ടന്റുമാരാണ്. കൺസൾട്ടന്റുമാരുമായുള്ള കരാർ കാലാവധി 30-06-2012 ൽ നിന്നും 30-06-2013 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിയതിലുള്ള അനാസ്ഥ മൂലവും കൺസൾട്ടന്റുമാരുടെ മോശമായ പ്രകടനം മൂലവും പല പദ്ധതികളും നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാവുകയും എഡിബിയ്ക്ക് വൻതോതിൽ കമ്മിറ്റ്മെന്റ് ചാർജ് നൽകേണ്ടതായും വന്നിട്ടുണ്ട്.

3. ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും കേരള സുസ്ഥിര നഗര വികസന പദ്ധതി വഴി നടപ്പാക്കുന്ന പദ്ധതികൾ മികവുറ്റതായി നടപ്പാക്കുന്നതിലേക്കായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളെ (പി.ഐ.യു) ശക്തിപ്പെടുത്തുന്നതിലേയ്ക്ക് താഴെപ്പറയുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. എ.ഡി.ബി ധനസഹായത്തോടെ സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ കെ. എസ്. യു. ഡി. പി. മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ നിർമ്മാണ

പ്രവർത്തനങ്ങളിൽ കോർപ്പറേഷനുകളിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളെ (പി.ഐ.യു) നിലവിൽ സഹായിച്ചുവരുന്ന കൺസൾട്ടന്റുമാരുടെ (DSC) കരാർ കാലാവധി 30-06-2013 ന് അവസാനിപ്പിച്ചുകൊണ്ടും അവരുടെ ജോലി കൂടി ഏറ്റെടുക്കുവാൻ പ്രാപ്തമാക്കിക്കൊണ്ടും (നിലവിലെ സ്റ്റാഫിന്റെ യോഗ്യത, എണ്ണം, ശമ്പളം എന്നിവ വർദ്ധിപ്പിച്ച്) കോർപ്പറേഷനുകളിലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളെ (PIU) ശക്തിപ്പെടുത്തേണ്ടതാണ്.

2. ഇതിലേയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

3. KSUDP, JnNURM, UIDSSMT പദ്ധതികളുടെ പ്രവർത്തനം ശരിയായി നിരീക്ഷിക്കുന്നതിനും തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി സമയ ബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി തലവനായും, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, വാട്ടർ റിസോഴ്സസ് വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, പ്രോജക്ട് ഡയറക്ടർ കെ. എസ്. യു. ഡി. പി. എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ നിയോഗിച്ചും ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**വി. എസ്. സെന്തിൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ (എസ്. സി) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**